# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3254

21..12..2012-ൽ മറുപടിക്ക്

## അന്യസംസ്ഥാനത്തുനിന്നുള്ള പാലിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അന്യ സംസ്ഥാനത്ത് നിന്നും കൊണ്ടുവന്നു വിതരണം ചെയ്യുന്ന പാലിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഓണക്കാലത്ത് അന്യ സംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിനായി ക്ഷീര വികസന വകുപ്പ് ചെക്ക്പോസ്റ്റുകളിൽ താത്ക്കാലിക ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ മിൽമ അന്യ സംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നത് കർശന ഗുണനിലവാര നിയന്ത്രണത്തിനുശേഷമാണ്.<br>ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്ന സാഹചര്യത്തിൽ ഗുണനിലവാരം കുറഞ്ഞതോ മായം കലർന്നതോ ആയ പാൽ കണ്ടെത്തിയാൽ നടപടി സ്വീകരിക്കേണ്ടത് ഫുഡ് സേഫ്റ്റി കമ്മീഷണറാണ്. എന്നാൽ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിൻ കീഴിൽ ഇതു സംബന്ധിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളിംഗ് നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല. നിലവിൽ ഇൻഫോർമൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും നിശ്ചിത ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തുന്ന ബ്രാൻഡുകൾ സംസ്ഥാനത്ത് നിരോധിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) പ്രതിദിനം എത്ര ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നു വിതരണം നടത്തുന്നുവെന്ന കണക്ക് ലഭ്യമാണോ ; വിവരം നല്കുമോ ? | (ബി) മിൽമ പ്രതിദിനം ശരാശരി 3 ലക്ഷം ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നു വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ